# 'നീര' നൽകുന്ന പുതിയ പ്രതീക്ഷകൾ

■ ബഷീർ മുതുവല്ലൂർ

തെങ്ങിൻപൂക്കുലയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന മദ്യാംശം തീരെയില്ലാത്ത പ്രകൃതിദത്ത ജ്യൂസാണ് 'നീര'. അമിനോ അമ്ലങ്ങളുടെയും വിറ്റാമിൻ, കാത്സ്യം, ഇരുമ്പ് തുടങ്ങിയ ധാതുക്കളുടെയും കലവറയാണ് ഈ ഉത്പന്നം. 94 നാളികേര ഉത്പാദക രാജ്യങ്ങളിൽ ഇന്ത്യയിൽ മാത്രമേ നീര ഇത്പാദിപ്പിക്കാൻ നിയമ തടസ്സമുള്ളൂ. ബാക്കിയുള്ള 93 രാജ്യങ്ങളിൽ കോക്കനെട്ട് നെക്റ്റർ, കോക്കനെട്ട് ഫ്ളവർ സോപ്, കോക്കനെട്ട് വൈൻ എന്നീ പേരുകളിൽ നീര ഉത്പാദിപ്പിക്കുന്നുണ്ട്. പല വിദേശ രാജ്യങ്ങളിലും നീര ഉത്പാദനത്തിലൂടെയും വിപണനത്തിലൂടെയും അതുവഴി വിദേശ നാണ്യം നേടിയെടുക്കുന്നതിൽ മുൻപന്തിയിലാണ്. ഇന്ത്യയിൽതന്നെ മഹാരാഷ്ട്രയിലും ഗോവയിലും നീര ഉത്പാദനത്തിന് തടസ്സമില്ല. ലക്ഷദ്വീപിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും പോണ്ടിച്ചേരിയിലും നീര അബ്കാരി ആക്ടിന്റെ പരിധിയിലല്ല. കർണ്ണാടക ഗവൺമെന്റിന്റെ ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ രണ്ട് ജില്ലകളിൽ കർഷകരുടെ കൂട്ടായ്മയിൽ നീര ഉത്പാദിപ്പിച്ച് സംസ്കരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു കോടി ഇരുപത്തിയെട്ട് ലക്ഷം രൂപയുടെ പ്രോജക്ട് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുകയുണ്ടായി.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം 'നീരയും' കള്ളും ഒന്നുതന്നെയാണ് എന്നാണ് ധാരണ. കള്ള് എന്ന പാനീയം തെങ്ങിന്റെയും പനയുടെയും പൂങ്കുലയിൽ നിന്ന് സാങ്കേതിക വൈദഗ്ധ്യം നേടിയ തൊഴിലാളികൾ പ്രത്യേക വൈദഗ്ധ്യം ഉപയോഗിച്ച് ടാപ്പ് ചെയ്തെടുക്കുന്ന പൂജ്യം ശതമാനം മദ്യാംശമുള്ള നീര പുളിപ്പിച്ചുണ്ടാവുന്ന ഉൽപന്നമാണ് കള്ള്. നീരയിൽ അൽപംപോലും മദ്യാംശം ഇല്ലെന്ന കാര്യം അധികം ആർക്കും അറിയില്ല. നീരയിൽ മദ്യാംശം ഉണ്ട് എന്ന പ്രചാരണം അബ്കാരി മാഫിയകൾ പരത്തുന്നുണ്ട്. ഉയർന്ന പോഷക മൂല്യം നീരയെ നല്ല ആരോഗ്യ പാനീയം എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നു. ഒരു സമ്പൂർണ്ണ ശീതള പാനീയമായും വിറ്റാമിൻ, ഇരുമ്പ് എന്നിവയുടെ അഭാവം പരിഹരിക്കുന്നതിന് ശുപാർശ ചെയ്യുന്ന ഫുഡ് സപ്ലിമെന്റ് ആയും ആസ്ത്മ, ക്ഷയം, ശ്വാസം മുട്ടൽ, അർശസ്സ് എന്നീ അസുഖങ്ങൾക്ക് ഔഷധമായും നീര ശുപാർഷ ചെയ്യപ്പെടുന്നു. മൂത്ര തടസ്സത്തിനും മഞ്ഞപ്പിത്തത്തിനും നീര ഔഷധമാണെന്ന് പറയപ്പെടുന്നു. ശരീരത്തിൽ പ്രോട്ടീൻ നിർമ്മാണത്തിന് സഹായിക്കുന്ന ഗ്ലൂട്ടാമിക് ആസിഡ് എന്ന അമിനോ ആസിഡ് ഉയർന്ന അളവിൽ നീരയിൽ അടങ്ങിയിട്ടുണ്ട്. നേത്ര രോഗങ്ങൾക്കും 'എക്സിമ' തുടങ്ങിയ രോഗങ്ങളുടെ ചികിത്സക്ക് ഉപയോഗിക്കുന്ന 'ഇനോസിറ്റോൾ' ധാരാളമായി നീരയിലുണ്ട്. മറ്റു രാജ്യങ്ങളിൽ എല്ലാം നീര ഒരു ആരോഗ്യ പാനീയമായിട്ടാണ് ഉപയോഗപ്പെടുത്തുന്നത്. അതിന് പുറമെ പാംജാഗറി, പാംഷുഗർ, ഐസ്ക്രീം, ബിസ്കറ്റ്, മിഠായി തുടങ്ങിയ നിരവധി ഉത്പന്നങ്ങളുടെ അസംസ്കൃത വസ്തുവായും നീര ഉപയോഗിക്കപ്പെടുന്നു.

കേരളത്തിൽ യുക്തിരഹിതമായ നിയമങ്ങൾ നാളികേര കർഷകരെ ഈ രംഗത്തേക്ക് കടന്നുവരാൻ അനുവദിക്കുന്നില്ല. മലയാള വർഷം 1077-ലെ കൊച്ചിൻ അബ്കാരി നിയമം (Act I of 1077) 1967-ലെ കേരള അബ്കാരി നിയമം (Act 10 of 1967) എന്ന് പുനർ നാമകരണം നടത്തി സംസ്ഥാനത്ത് 11-05-1967 മുതൽ നിലവിൽ വന്നു. 111 വർഷം പഴക്കമുള്ള നിയമത്തിൽ തെറ്റായ നിർവ്വചനങ്ങൾ പുതുക്കിയ കേരള അബ്കാരി നിയമത്തിൽ ഇന്നും തുടരുന്നു.

അബ്കാരി നിയമത്തിലെ ചില വ്യവസ്ഥകളാണ് ഇന്ന് ഈ രംഗത്ത് നിലനിൽക്കുന്ന തടസ്സം. അബ്കാരി നിയമത്തിൽ വൈൻ, ചാരായം, കള്ള്, ബിയർ എന്നിങ്ങനെ ആൽക്കഹോൾ അടങ്ങിയിരിക്കുന്ന എല്ലാ ദ്രാവകങ്ങളും മദ്യത്തിന്റെ നിർവ്വചനത്തിൽ പെടുന്നു. എന്നാൽ കള്ളിന്റെ നിർവ്വചനത്തിൽ തെങ്ങ്, പന, ഈന്തപ്പന എന്നീ ജെനുസ്സുകളിൽ പെട്ട വൃക്ഷങ്ങളുടെ പൂങ്കുലയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന പുളിച്ചതും പുളിക്കാത്തതുമായ എല്ലാ പാനീയങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ആയത് മദ്യാംശമില്ലാത്ത പുളിക്കാത്ത ദ്രാവകവും കള്ളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നീര, തെങ്ങിന്റെ പൂങ്കുലയിൽ നിന്ന് ടാപ്പ് ചെയ്തെടുക്കുന്ന പുളിക്കാത്ത ജ്യൂസാണ്. നീരയെ കള്ളിന്റെ ഗ്രൂപ്പിൽ പെടുത്തി നിർവ്വചനം നൽകിയിരിക്കുകയാണ്. ആയതിനാൽ അബ്കാരി നിയമത്തിന് കീഴിൽ ലൈസൻസുള്ള അംഗീകൃത ചെത്ത് തൊഴിലാളികൾക്കു മാത്രമേ ഈ നിലയിൽ നീര ചെത്തുവാൻ അനുവാദമുള്ളൂ. ഇത് നാളികേര കർഷകരോട് കാട്ടുന്ന നീതി നിഷേധവും യുക്തിരഹിതവുമാണ്. ഇതിന് അറുതി വരുത്തുന്നതിന് നാളികേര വികസന ബോർഡ് കേരളത്തിലെ 14 ജില്ലകളിലും മിനിമം 10 തെങ്ങുകളുള്ള 40 ൽ കുറയാത്ത നൂറിൽ കൂടാത്ത നാളികേര കർഷകരെ സംഘടിപ്പിച്ചു ആയിരക്കണക്കിന് നാളികേര ഉത്പാദക സംഘങ്ങളും നൂറ് കണക്കിന് ഫെഡറേഷനുകളും നാളികേര ഉത്പാദക കമ്പനികളും രൂപീകരിച്ച് യഥാർത്ഥ കർഷക കൂട്ടായ്മയിലൂടെ നിരന്തരം സംസ്ഥാന ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി. നാളികേര വികസന ബോർഡ് ചെയർമാനും മുൻ മലപ്പുറം ജില്ലാ കലക്ടറുമായ ടി.കെ. ജോസ് ഐ.എ.എസിന്റെ നിരന്തര പ്രയത്നത്തിന്റെ ഫലമായിട്ടായിരുന്നു നീരയുടെ സാധ്യതകളെകുറിച്ച് പഠിക്കാൻ ഗവൺമെന്റ് സമിതിയെ നിശ്ചയിച്ചത്. ആ സമിതിയിൽ കർഷകരുടെ പ്രതിനിധി ഒരാൾ മാത്രം. എന്നിട്ടും ആ സമിതി നീര സാധ്യതയെകുറിച്ച് പഠിച്ച് നീര ഉത്പാദിപ്പിക്കുന്നതിന് നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും അനുമതി നൽകണമെന്ന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ജൂലൈ 16-ന് എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ തൊഴിലാളി യൂണിയൻ നേതാക്കളുമായി നടന്ന ചർച്ചയിൽ നീര ഉത്പാദിപ്പിക്കുവാൻ മന്ത്രിസഭ അനുമതി നൽകുകയുണ്ടായി. യു.ഡി.എഫ് ഗവൺമെന്റിന്റെ വിപ്ലവകരമായ തീരുമാനമായിരുന്നു അത്.

18 കോടി തെങ്ങുകളുള്ള കേരളത്തിൽ കേവലം 5 ലക്ഷം തെങ്ങുകൾ മാത്രമേ നിലവിൽ കള്ള് ചെത്തിന് ഉപയോഗപ്പെടുത്തുന്നുള്ളൂ. നീര വന്നുകഴിഞ്ഞാൽ ചെത്ത് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടും എന്നായിരുന്നു പ്രതിപക്ഷ യൂണിയൻ നേതാക്കൾ പരാതിപ്പെട്ടത്. കേരളത്തിലാകെയുള്ളത് 29,465 മാത്രം കള്ള് ചെത്ത് തൊഴിലാളികളാണ്. ചെത്താൻ പെർമിറ്റുള്ള തെങ്ങുകൾ 5 ലക്ഷം മാത്രം. ഇവിടെയുള്ള 18 കോടി തെങ്ങുകളിൽ 10 ശതമാനം തെങ്ങുകളിൽ നീര ഉത്പാദനത്തിന് അനുമതി ലഭിച്ചാൽ 10 ലക്ഷം തൊഴിലാളികളെ ആവശ്യമാണ്. എന്നാൽ ഇന്നുള്ളത് കേവലം 29465 തൊഴിലാളികൾ മാത്രമാവും. ഈ കണക്കുകൾതന്നെ ഇവിടുത്തെ ചെത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക അസ്ഥാനത്താണെന്ന് മനസ്സിലാക്കിത്തരുന്നു. അബ്കാരി മാഫിയകൾക്ക് വേണ്ടി ചെത്ത് തൊഴിലാളികളുടെ പേര് പറഞ്ഞ് നീര ഉത്പാദനത്തിന് തടയിടാനാണ് പ്രതിപക്ഷ പാർട്ടികളും യൂണിയനുകളും ശ്രമിക്കുന്നത്.

പരീക്ഷണ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും നിന്ന് 1500 തെങ്ങുകൾ ഉള്ള ഒരു യൂണിറ്റ് ആക്കി നീര ഉത്പാദിപ്പിക്കുവാനുള്ള ഗവൺമെന്റിന്റെ തീരുമാനം എന്നാൽ കള്ള് ഷാപ്പ് ലേലത്തിൽ പോകുന്നില്ല എന്ന പേര് പറഞ്ഞ് തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലയിൽ ഒന്നിൽ കൂടുതൽ യൂണിറ്റ് തുടങ്ങുവാനും തീരുമാനിച്ചു. ഇത് ഏത് മാനദണ്ഡം. ഏറ്റവും കൂടുതൽ തെങ്ങുകളുള്ള മലബാർ മേഖലയെ അതിലും തഴഞ്ഞു. 200 ൽപരം നാളികേര ഉത്പാദക സംഘങ്ങളും 15 ഓളം ഫെഡറേഷനുകളും കൊണ്ടോട്ടി ആസ്ഥാനമായി മലബാർ പ്രഷിന്റെ കീഴിൽ മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ള മലപ്പുറം ജില്ലയിൽ നീര ഉത്പാദനത്തിന് അഞ്ചും പത്തും യൂണിറ്റുകൾ ആവശ്യമായി വരുന്നുണ്ട്. മിനിമം ഒരു പഞ്ചായത്തിൽ നിന്ന് 1000 തെങ്ങുകളുള്ള ഒരു യൂണിറ്റാക്കി ഉത്പാദനത്തിന് അനുമതി നൽകേണ്ടതുണ്ട്. പ്രതിമാസം ഒരു തെങ്ങിൽനിന്ന് നാളികേര കർഷകന് നീര ഉത്പാദനത്തിലൂടെ 4500 രൂപ വരുമാനമുണ്ടാകും. നീര ഉത്പാദനവും മൂല്യ വർദ്ധനവും വിപണനവും വഴി കേരളത്തിലെ സാമ്പത്തിക നിലയിൽ ആശാവഹമായ ഉയർച്ച ഉണ്ടാക്കാനാകും. നീര, നീരയുടെ ഉപോത്പന്നങ്ങൾ, തെങ്ങിൻ ചക്കര, തെങ്ങിൻ പഞ്ചസാര എന്നിങ്ങനെ വൈവിധ്യവത്കരിക്കാൻ നമുക്ക് സാധിക്കും. തെങ്ങ് കൃഷിയുടെ ഈറ്റില്ലമായ കേരളം നീരയെ സ്വീകരിക്കാൻ ഒരുങ്ങി നിൽക്കുകയാണ്. നാളികേര കർഷകർ വളരെയധികം പ്രതീക്ഷയിലുമാണ്. ഏറ്റവും കൂടുതൽ വിലയിടിവ് ബാധിച്ചത് തെങ്ങ് കർഷകർക്കായിരുന്നു. നാളികേര മേഖലയിൽ നിന്നുതന്നെ കർഷകർ മാറി ചിന്തിക്കുമ്പോഴാണ് അവർക്ക് താങ്ങായി യു.ഡി.എഫ് ഗവൺമെന്റ് നീര ഉത്പാദനത്തിന് അനുമതി നൽകി വിപ്ലവകരമായ തീരുമാനമെടുത്തിരിക്കുന്നത്.